# കേരള സർവകലാശാല

നം.പി.ആർ.171/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം – 2018
### പുതുതായി ആരംഭിക്കുന്ന യു.ഐ.റ്റികളിലെ സ്പോട്ട് അഡ്മിഷൻ ജൂലൈ 31–ന്

പുതുതായി ആരംഭിക്കുന്ന ആറു യു.ഐ.റ്റികളിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് ജൂലൈ 31–ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. പരവൂർ(ചാത്തന്നൂർ)–(ആയിരവല്ലി യു.പി.എസ്. പരവൂർ)–ൽ ബി.കോം വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.ബി.എ എന്നീ കോഴ്സുകളിലും, അരൂർ (ഗവ. ഹൈസ്ക്കൂൾ അരൂർ) ബി.എസ് സി ഫിസിക്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.കോം ടാക്സ് പ്രൊസീഡ്യുവർ ആന്റ് പ്രാക്ടീസ് എന്നീ കോഴ്സുകളും, ഭരണിക്കാവ് (കായംകുളം)(പള്ളിക്കൽ ഗവ. മോഡൽ യു.പി സ്കൂൾ മൂന്നാംകുറ്റി)–ൽ ബി.കോം ടാക്സ് പ്രൊസീഡ്യുവർ ആന്റ് പ്രാക്ടീസ് ബി.ബി.എ എന്നീ കോഴ്സുകളും,ചെങ്ങന്നൂർ (ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ,മുളക്കുഴ) ബി.കോം ടാക്സ് പ്രൊസീഡ്യുവർ ആന്റ് പ്രാക്ടീസ്, ബി.ബി.എ എന്നീ കോഴ്സുകളും, കഴക്കൂട്ടം (ഉതിയാറുമൂല എൽ.പി.എസ്, വാഴവിള കാട്ടായിക്കോണം) ബി.കോം. ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ്, ബി.കോം ടാക്സ് പ്രൊസീഡ്യുവർ ആന്റ് പ്രാക്ടീസ് എന്നീ കോഴ്സുകളും, വർക്കല (ഷബാന ബിൽഡിംഗ് ,ബി.എസ്.എൻ .എൽ ഓഫീസിന് സമീപം, പള്ളിക്കൽ) ബി.എ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ബി.കോം ടാക്സ് പ്രൊസീഡ്യുവർ ആന്റ് പ്രാക്ടീസ് എന്നീ കോഴ്സുകളും അനുവദിച്ചിരിക്കുന്നു.മേൽ പറഞ്ഞ ഓരോ കോഴ്സിനും 40 സീറ്റുകൾ വീതം അനുവദിക്കപ്പെട്ടിട്ടുണ്ട്.

പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ജൂലൈ 31–ാം തീയതി രാവിലെ 10 മണിക്ക് മേൽ പറഞ്ഞ സ്ഥലങ്ങളിൽ സ്പോട്ട് അഡ്മിഷനു വേണ്ടി എത്തിച്ചേരണമെന്നറിയിക്കുന്നു. അസ്സൽ സർട്ടിഫിക്കറ്റുകളും ടി.സിയും ഹാജരാക്കേണ്ടതാണ്. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് 840/ രൂപയും, ജനറൽ/മറ്റു സംവരണ വിഭാഗങ്ങൾക്ക് 1525/– രൂപയുമാണ് സർവകലാശാല ഫീസ്.

ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്ത വിദ്യാർത്ഥികൾ രജിസ്ട്രേഷൻ ഫീസായ 350/– രൂപയും (എസ്.സി./എസ്. ടി വിഭാഗം 150/– രൂപ) കൊണ്ടുവരേണ്ടതാണ്.
നിശ്ചിത യു. ഐ.റ്റികളിൽ ഹാജരാകുന്ന വിദ്യാർത്ഥികളിൽ നിന്നും തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിൽ പ്രവേശനം നടത്തുന്നതാണ്. സർവകലാശാലയിലേയ്ക്ക് അപേക്ഷ അയക്കേണ്ടതില്ല.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ഒന്നാം വർഷ ബിരുദ പ്രവേശനം 2018
## സ്വാശ്രയ/യു.ഐ.റ്റി/ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ അപേക്ഷ സമർപ്പിക്കാം

യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി./ സ്വാശ്രയ കോളേജുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ആഗസ്റ്റ് ഒന്ന് ഉച്ചയ്ക്ക് 12 മണിക്കകം ബന്ധപ്പെട്ട കോളേജുകളിൽ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടിന്റെ ഒരു പകർപ്പ് നൽകി രജിസ്റ്റർ ചെയ്യണം എന്നറിയിക്കുന്നു. അന്നേ ദിവസം തന്നെ സർവകലാശാല റാങ്ക് പട്ടിക തയ്യാറാക്കുന്നതും തുടർന്ന് പ്രവേശനം നടക്കുന്നതുമാണ്. മേൽ പറഞ്ഞ കോളേജുകളിലെ ഒഴിവുള്ള എസ്.സി/എസ്.ടി സീറ്റുകളിലേയ്ക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2018
## ജനറൽ/മറ്റ് വിഭാഗങ്ങൾക്ക് സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് ഒന്നിന് കോളേജ് തലത്തിൽ

ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ 2018–19 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് ആഗസ്റ്റ് ഒന്നിന് അതത് കോളേജുകളിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. രാവിലെ 9 മണി മുതൽ 12 മണി വരെ ഹാജരാകുന്നവരെ മാത്രമേ പരിഗണിക്കുകയുള്ളു. ഈ സമയത്തിനകം ഹാജരാകുന്ന വിദ്യാർത്ഥികളിൽ നിന്നും റാങ്ക് പട്ടിക തയ്യാറാക്കി മൂന്ന് മണിക്ക് പ്രസിദ്ധപ്പെടുത്തും. ആഗസ്റ്റ് രണ്ടാം തീയതി വിദ്യാർത്ഥികൾക്ക് ടി.സി. വാങ്ങുന്നതിനും സർട്ടിഫിക്കറ്റുകൾ തയ്യാറാകുന്നതിനുള്ള സമയമാണ്. ആഗസ്റ്റ് രണ്ടാം തീയതി അഡ്മിഷൻ നടത്തുന്നതല്ല. ആഗസ്റ്റ് മൂന്ന്,നാല് തീയതികളിലായി 01.08.2018–ന് തയ്യാറാക്കിയ റാങ്ക് പട്ടികയിൽ നിന്ന് കോളേജിൽ അഡ്മിഷൻ നടക്കും. പ്രവേശന സമയത്ത് എല്ലാ സർട്ടിഫിക്കറ്റുകളും വിദ്യാർത്ഥികൾ ഹാജരാക്കേണ്ടതാണ്. കോളേജിൽ മുൻപ് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് അതേ കോളേജിൽ മറ്റു കോഴ്സിലേയ്ക്ക് അർഹതക്കനുസരിച്ച് പ്രവേശനം നേടാവുന്നതാണ്.

വിദ്യാർത്ഥികൾ നിലവിൽ ഓൺലൈൻ അപേക്ഷയിൽ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ മാത്രം സ്പോട്ട് അഡ്മിഷനു വേണ്ടി ഹാജരാകുവാൻ പാടുള്ളു. ആഗസ്റ്റ് ഒന്നാം തീയതി ഹാജരായി രജിസ്ട്രേഷൻ നടത്തി റാങ്ക് പട്ടികയിൽ ഇടം നേടിയ എസ്.സി. വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ അവരെ ഒഴിവുള്ള എസ്.സി സംവരണ സീറ്റുകളിലേയ്ക്ക് പരിഗണിക്കും. അവരെ പരിഗണിച്ച ശേഷവും ഒഴിവു വരുന്ന എസ്.സി സംവരണ സീറ്റുകൾ അർഹരായ മറ്റു വിഭാഗങ്ങളിലേയ്ക്ക് നിയമാനുസൃതം മാറ്റി ആഗസ്റ്റ് മൂന്നും,നാലുമായി പ്രവേശനം നടത്തും. ആഗസ്റ്റ് ഒന്നിന് പ്രസിദ്ധപ്പെടുത്തുന്ന റാങ്ക് പട്ടികയായിരിക്കും അടിസ്ഥാനം.

എസ്.സി. വിഭാഗങ്ങൾക്ക് 840/ രൂപയും, ജനറൽ/ മറ്റു സംവരണ വിഭാഗങ്ങൾക്ക് 1525/– രൂപയുമാണ് സർവകലാശാല ഫീസ്. പ്രവേശനം ലഭിച്ചാൽ ഉടൻ തന്നെ ഈ ഫീസ് ഒടുക്കണ്ടതാണ്.

സ്പോട്ട് അഡ്മിഷന് പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റ് ഔട്ട് നിർബന്ധമായും കൊണ്ടു വരേണ്ടതാണ്. പ്രിന്റ് ഔട്ട് ഹാജരാക്കാത്ത ആരെയും പ്രവേശനത്തിന് പരിഗണിക്കുന്നതല്ല.

സ്പോട്ട് അഡ്മിഷന് പരിഗണിക്കപ്പെടുന്ന ഒഴിവുകളുടെ വിവരം സർവകലാശാല അഡ്മിഷൻ പോർട്ടലിൽ പ്രസിദ്ധപ്പെടുത്തും. ഒഴിവുകളുടെ വിശദാംശങ്ങൾ പരിശോധിച്ച ശേഷം ബന്ധപ്പെട്ട കോളേജുകളിൽ ഹാജരാകേണ്ടതാണ്.

ഒരു വിദ്യാർത്ഥിക്ക് താൽപര്യമുള്ള വിവിധ കോളേജുകളിൽ നിശ്ചിത സമയത്തിനകം അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിദ്യാർത്ഥിക്ക് നേരിട്ടോ, ചുമതലപ്പെടുത്തിയ വ്യക്തി(നോമിനി) മുഖേനയോ സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## <u>പരീക്ഷ</u>

രണ്ടാം വർഷ എം.എ/എം.കോം (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയ്ക്ക് പിഴയില്ലാതെ ആഗസ്റ്റ് 8 വരെയും 50 രൂപ പിഴയോടെ ആഗസ്റ്റ് 10 വരെയും 125 രൂപ പിഴയോടെ ആഗസ്റ്റ് 14 വരെയും അപേക്ഷിക്കാം. പരീക്ഷകൾ സെപ്റ്റംബർ 25 ന് ആരംഭിക്കുന്നതാണ്.

വിദൂര വിദ്യാഭ്യാസ വിഭാഗം ജൂലൈ 18 ന് നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റി വച്ചതുമായ ഒന്നാം സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ ഡിഗ്രി പരീക്ഷ (സ്പീക്കിംഗ് ആൻഡ് ലിസണിംഗ് സ്കിൽസ്) ആഗസ്റ്റ് 10 (2-5 Pm) ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. പരീക്ഷാ സെന്ററുകൾക്ക് മാറ്റമില്ല.. 2018 ജൂലൈ 31 ാം തീയതി മുതൽ ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.എ ബി.എസ്.സി മാത്തമാറ്റിക്സ് ബി.കോം ഒന്നും രണ്ടും സെമസ്റ്റർ രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്ത് രേഖപ്പെടുത്തിട്ടുള്ള പരീക്ഷാ കേന്ദ്രങ്ങളിൽ പരീക്ഷ എഴുതേണ്ടതാണ്.

## <u>പരീക്ഷാഫലം</u>

2018 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ് സ്ട്രീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയക്ക് ആഗസ്റ്റ് 10 വരെ അപേക്ഷിക്കാം.

2017 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എസ്.സി ബോട്ടണി & ബയോടെക്നോളജി, ബി.എസ്.സി ബയോകെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (2016 അഡ്മിഷൻ – റെഗുലർ, 2015 അഡ്മിഷൻ – ഇംപ്രൂവ്മെന്റ് ആൻഡ് സപ്ലിമെന്ററി, 2013 & 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ആഗസ്റ്റ് 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

2018 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ ഇംഗ്ലീഷ്, ഇക്കണോമിക്സ്, എം.എസ്.സി ഫിസിക്സ്, ബയോകെമിസ്ട്രി പരീക്ഷാഫലങ്ങൾ വെബ്സൈറ്റിൽ.

2018 ജൂലൈയിൽ നടത്തിയ പത്താം സെമസ്റ്റർ ബി.ആർക്ക് (2013 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ

## പരീക്ഷാഫീസ്

2018 സെപ്റ്റംബർ 5ന് ആരംഭിക്കുന്ന മൂന്നാം വർഷ എം.ബി.ബി.എസ് പാർട്ട് I (സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴയില്ലാതെ ആഗസ്റ്റ് 13 വരെയും 50 രൂപ പിഴയോടെ ആഗസ്റ്റ് 16 വരെയും 125 രൂപ പിഴയോടെ ആഗസ്റ്റ് 18 വരെയും അപേക്ഷിക്കാം.

## സൂക്ഷ്മപരിശോധന

2017 ഡിസംബറിൽ നടത്തിയ ബി.എ (സി.ബി.സി.എസ്.എസ്) അഞ്ചാം സെമസ്റ്റർ പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്കുവേണ്ടി ഓൺലൈനായും ഓഫ്ലൈനായും അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി ഇ.ജെ V സെക്ഷനിൽ ജൂലൈ 30 മുതൽ ആഗസ്റ്റ് 4 വരെയുള്ള പ്രവർത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

2018 ജനുവരി മാസം നടത്തിയ ബി.ടെക് (2013 സ്കീം) എട്ടാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയുടെ സൂക്ഷ്മ പരിശോധനയക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി ബി.ടെക് റീ വാല്യുവേഷൻ സെക്ഷനിൽ ജൂലൈ 30 മുതൽ ആഗസ്റ്റ് 6 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം.
28.07.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in
University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098